"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

റവന്യൂ വകുപ്പ് - ജീവനക്കാര്യം - മെഡിക്കൽ റീ ഇമ്പേഴ്സ്മെന്റ് ക്ലെയിം — എറണാകുളം കളക്ടറേറ്റിലെ ഓഫീസ് അറ്റൻഡന്റ് ആയ ശ്രീമതി ബിജിമോൾ കെ.സി. യുടെ ഐ.വി.എഫ്. ചികിത്സയ്ക്കായി മൂവാറ്റുപുഴ സബൈൻ ആശുപത്രിയിൽ ചെലവായ തുക പ്രതിപൂരണം ചെയ്ത് നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**റവന്യൂ (റ്റി) വകുപ്പ്**

സ.ഉ.(സാധാ) നം.1215/2024/RD തീയതി,തിരുവനന്തപുരം, 21-05-2024

---

പരാമർശം:-

1. 10.02.2017 ലെ സ.ഉ.(പി) നം. 08/2017/ആ.കു.വ.
2. ശ്രീമതി ബിജിമോൾ കെ.സി. സമർപ്പിച്ച 29.11.2019 ലെ അപേക്ഷ.
3. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 26.04.2023 ലെ (എൽ.ഡിസ്) എം.ആർ 1-23336/2022/ആ.വ.ഡ. നമ്പർ കത്ത്.
4. ലാൻഡ് റവന്യൂ കമ്മീഷണറുടെ 24.05.2021 ലെ എൽ.ആർ.ജി.7-12503/21 നമ്പർ കത്തും 21.08.2023 എൽ.ആർ./2833/2022-എൽ.ആർ.(ജി7) നമ്പർ കത്തും.

**<u>ഉത്തരവ്</u>**

റവന്യൂ വകുപ്പിൽ എറണാകുളം കളക്ടറേറ്റിലെ ഓഫീസ് അറ്റൻഡന്റ് ആയ ശ്രീമതി ബിജിമോൾ കെ.സി. യുടെ ഐ.വി.എഫ്. ചികിത്സയ്ക്കായി മൂവാറ്റുപുഴ സബൈൻ ആശുപത്രിയിൽ 23/07/2019 മുതൽ 24/11/2019 വരെ ചെലവായ ₹1,12,228.97/ റീ-ഇമ്പേഴ്സ് ചെയ്യുന്നതിനായി പരാമർശം (2) പ്രകാരം സമർപ്പിച്ച അപേക്ഷ ആരോഗ്യ വകുപ്പ് ഡയറക്ടറുടെ പരിശോധനാ റിപ്പോർട്ട് സഹിതം അനുമതിക്കായി പരാമർശം (4) പ്രകാരം ലാൻഡ് റവന്യൂ കമ്മീഷണർ സർക്കാരിൽ ലഭ്യമാക്കിയിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയുണ്ടായി. റവന്യൂ വകുപ്പിൽ എറണാകുളം കളക്ടറേറ്റിലെ ഓഫീസ് അറ്റൻഡന്റ് ആയ ശ്രീമതി ബിജിമോൾ കെ.സി. യുടെ ഐ.വി.എഫ്. ചികിത്സ മൂവാറ്റുപുഴ സബൈൻ ആശുപത്രിയിൽ, റഫറൽ OP ടിക്കറ്റിന്റെയും അപ്പന്റിക്സ് II ന്റെയും അഭാവത്തിൽ 23.07.2019 മുതൽ 13.09.2019 വരെ നടത്തിയതിന് 1960 ലെ KGSMA ചട്ടങ്ങളിൽ ഇളവ് ചെയ്ത്, ഒരു പ്രത്യേക കേസായി പരിഗണിച്ച് പൂർവ്വകാല അനുമതി നൽകിയും പ്രസ്തുത ചികിത്സയ്ക്ക് ചെലവായ തുകയിൽ പരാമർശം (3) പ്രകാരം ആരോഗ്യ വകുപ്പ് ഡയറക്ടർ അനുവദനീയത അറിയിച്ച തുകയായ ₹ 1,02,727/- (ഒരു ലക്ഷത്തി രണ്ടായിരത്തി എഴുന്നൂറ്റി ഇരുപത്തി ഏഴ് രൂപ) മാത്രം പരാമർശം (1) ഉത്തരവിലെ

വ്യവസ്ഥകൾക്ക് വിധേയമായി പ്രതിപൂരണം ചെയ്ത് നൽകാൻ അനുമതി നൽകിയും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
നിസ്സാർ .എ
അണ്ടർ സെക്രട്ടറി

ലാൻഡ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം.(മെഡിക്കൽബില്ലുകൾ സഹിതം)
ജില്ലാ കളക്ടർ, എറണാകുളം.
ശ്രീമതി ബിജിമോൾ കെ.സി., ഓഫീസ് അറ്റൻഡന്റ്, ജില്ലാ കളക്ടറേറ്റ്, എറണാകുളം. (ലാൻഡ് റവന്യൂ കമ്മീഷണർ മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ്ജനറൽ(എ&ഇ/ആഡിറ്റ്), കേരള, തിരുവനന്തപുരം.
ആരോഗ്യ കുടുംബക്ഷേമ വകുപ്പ്. (02.02.2022 ലെ ജി2/1001/2021/H&FWD നമ്പർ റിമാർക്സ് പ്രാകരം).
ധനകാര്യ വകുപ്പ് (29.04.2024 ലെ 2644727/LOANS-L1/469/2023-FIN നമ്പർ റിമാർക്സ് പ്രാകരം).
വെബ് & ന്യൂ മീഡിയ (സർക്കാർ വെബ്-സൈറ്റിൽ പ്രസിദ്ധീകരണത്തിനായി).
കരുതൽ ഫയൽ / ഓഫീസ് പകർപ്പ്. (REV-T1/100/2021-REV)

ഉത്തരവിൻ പ്രകാരം
Signed by
Sindhu Beegum M S
Date: 22-05-2024 10:44:19
സെക്ഷൻ ഓഫീസർ